## ലൈംഗികവിദ്യാഭ്യാസം: അമേരിക്കൻ അനുഭവം

# ലൈംഗിക വിപ്ലവത്തിന്റെ തിക്തഫലം

**അമേരിക്കയിലെ** പൊതു വിദ്യാലയങ്ങളിൽ ലൈംഗികതയോടും വിവാഹത്തോടുമുള്ള ആദരവ് പഠിപ്പിക്കുന്നില്ല. പക്ഷേ, അമേരിക്കൻ ഭരണഘടന പ്രകാരം വിദ്യാർഥികളെ ലൈംഗിക അച്ചടക്കരാഹിത്യം പഠിപ്പിക്കാം. പത്തു വയസ്സുള്ള കുട്ടികളുടെ It's Perfectly Normal എന്ന പാഠപുസ്തകം ഉദാഹരണം. നഗ്നരായ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വർണ ചിത്രങ്ങളിലൂടെ പലതരം ലൈംഗിക പ്രവർത്തനങ്ങൾ പഠിപ്പിക്കുന്നുണ്ട് ഈ പുസ്തകത്തിൽ. ഗർഭനിരോധനോപാധികൾ ഉപയോഗിക്കേണ്ടതെങ്ങനെയെന്നും ഗർഭഛിദ്രം നടത്തേണ്ടത് എപ്പോഴെല്ലാമെന്നും മറ്റും പുസ്തകം കൊച്ചു കുട്ടികളെ പഠിപ്പിക്കുന്നു. രണ്ട് അഛന്മാരും രണ്ട് അമ്മമാരുമുണ്ടാകുന്നതിൽ അസ്വാഭാവികതയില്ലെന്ന് ഊന്നിപ്പറയുന്നുമുണ്ട്.

മുതിർന്ന കുട്ടികളുടെ പാഠപുസ്തകങ്ങൾ വ്യഭിചാരത്തിന് അംഗീകാരം നൽകുന്നവയാണ്. 'ഒരു പരിശീലനം എന്ന നിലയിൽ വിവാഹപൂർവ ലൈംഗികബന്ധത്തിന് വ്യക്തമായ മൂല്യമുണ്ട്. കാർ വാങ്ങുന്നതിന് മുമ്പ് നിങ്ങൾ അതൊന്ന് ഓടിച്ച് പരിശോധിക്കുന്നതുപോലെയാണത്' (Boys and Sex, Girls and Sex എന്നീ പാഠപുസ്തകങ്ങളിൽനിന്ന്). 'ലൈംഗിക പങ്കാളികൾക്ക് മറ്റുള്ളവരെ പ്രേമിക്കാനും അവരുമായി ലൈംഗികത പങ്കുവെക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം' (Learning About Sex).

അമേരിക്കയിലെ കോളേജുകളിൽ അശ്ലീല സാഹിത്യങ്ങൾ പഠിപ്പിക്കുന്നതായി മാധ്യമങ്ങൾ ഈയിടെ റിപ്പോർട്ട് ചെയ്തിരുന്നു. ഇന്റർനെറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യുന്നതിൽ അഞ്ചിൽ നാലു ഭാഗവും അശ്ലീലമാണ്. അശ്ലീല പ്രസിദ്ധീകരണങ്ങൾക്കും വീഡിയോ ടേപ്പുകൾക്കും തത്സമയ നഗ്നതാ പ്രദർശനത്തിനും മറ്റും വർഷം തോറും ആയിരക്കണക്കിന് കോടി ഡോളർ ചെലവിടുന്നു.

അതിനാൽ ജലദോഷവും പനിയും കഴിഞ്ഞാൽ അമേരിക്കയിൽ ഇന്ന് സർവസാധാരണമായ രോഗങ്ങൾ ലൈംഗിക പകർച്ച വ്യാധികളാണെന്നതിൽ അത്ഭുതമില്ല. അമ്പത് മില്യനിലധികം അമേരിക്കക്കാരെ ചികിത്സിച്ചു മാറ്റാനാവാത്ത ലൈംഗിക രോഗങ്ങൾ പിടികൂടിയിരിക്കുന്നു.

അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ പത്രികയിൽ Dr. George Eagleton എഴുതുന്നു: 'വ്യാവസായികവത്കൃത ലോകത്ത് ഏറ്റവും കൂടുതൽ ലൈംഗിക പകർച്ച വ്യാധികളുള്ളത് അമേരിക്കയിലാണ്. ഓരോ വർഷവും പന്ത്രണ്ടു മില്യൻ വരെ പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്നു. 85 ശതമാനവും 5-നും 29-നുമിടക്ക് പ്രായമുള്ളവരാണ്.'

എഴുപതോളം രോഗങ്ങൾ ലൈംഗികബന്ധത്തിലൂടെ പകരുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വർഷം തോറും പുതുതായി 15 ലക്ഷം പേർക്ക് സിഫിലിസ്, ഗോണോറിയ എന്നീ ലൈംഗിക രോഗങ്ങൾ ബാധിക്കുന്നു.

H.P.V (human papiloma virus)യാണ് അമേരിക്കയിൽ ഇന്ന് അതിവേഗം പടർന്നുപിടിക്കുന്ന ലൈംഗികരോഗം. ഇതിന്റെ എഴുപതിൽപരം വകഭേദങ്ങൾ കണ്ടുപിടിക്കാനായിട്ടുണ്ട്. വർഷം തോറും പത്തു ലക്ഷം പുതിയ എച്ച്.പി.വി രോഗങ്ങൾ അമേരിക്കയിൽ നിർണയിക്കപ്പെടുന്നുണ്ട്.

വന്ധ്യതയാണ് പല ലൈംഗികരോഗങ്ങളുടെയും അനന്തരഫലം. 15 ശതമാനം ദമ്പതികൾക്ക് വന്ധ്യതയുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ലൈംഗികവിപ്ലവത്തിനു മുമ്പ് ഈ പ്രശ്നം അപൂർവമായിരുന്നു.

പത്തു ലക്ഷത്തോളം അമേരിക്കക്കാരെ എയിഡ്സ് ബാധിച്ചിരിക്കുന്നു. എയിഡ്സ് ബാധിക്കുന്നവരിൽ കൗമാരക്കാരുടെ സംഖ്യയാണ് അതിവേഗം വർധിക്കുന്നതെന്ന് അമേരിക്കൻ ആരോഗ്യവകുപ്പ് പറയുന്നു.

സ്ത്രീകളും ചെറുപ്പക്കാരുമാണ് മിക്കപ്പോഴും ലൈംഗിക വിപ്ലവത്തിന്റെ ഇരകൾ. കഴിഞ്ഞ പതിറ്റാണ്ടിലെ ധാരാളം പഠനങ്ങൾ ഗർഭഛിദ്രവും സ്തനാർബുദവും തമ്മിലുള്ള ബന്ധം തെളിയിക്കുകയുണ്ടായി. ചില ലൈംഗികരോഗങ്ങളും ഗർഭാശയമുഖ കാൻസറും തമ്മിലുള്ള ബന്ധവും പഠനങ്ങളിൽ വ്യക്തമായി. സ്ത്രീരോഗ വിദഗ്ധൻ വില്യം പാർക്കർ എഴുതുന്നു: "ലൈംഗികാവയവത്തിലെ അരിമ്പാറക്കു കാരണമായ, ലൈംഗികബന്ധത്തിലൂടെ പകരുന്ന വൈറസ് തന്നെയാണ് ഗർഭാശയമുഖ കാൻസറിന്റെ സാധാരണ കാരണം. ചെറുപ്രായത്തിലുള്ള ലൈംഗിക ബന്ധം ഗർഭാശയമുഖ കാൻസറിന്റെ സാധ്യത വർധിപ്പിക്കുന്നു." സ്ത്രീകളെ ബാധിക്കുന്ന PID (pelvic inflammatory disease)എന്ന രോഗവും ഈ കാൻസറിനു കാരണമാണ്. Chlamydia എന്ന ലൈംഗികരോഗമാണ് പലപ്പോഴും PID-ക്കു കാരണമാകാറ്. കൗമാരപ്രായത്തിലുള്ള പെൺകുട്ടികളെയാണ് PID കൂടുതൽ പിടികൂടുന്നത്.

ലൈംഗിക പകർച്ചവ്യാധികൾ മുഴുവൻ ഗർഭനിരോധ ഉറ ഉപയോഗിച്ചുള്ള 'സുരക്ഷിത ലൈംഗികത'യിലൂടെ തടയാമെന്നാണ് വിദ്യാർഥികളെ 'കുടുംബാരോഗ്യ' അധ്യാപകർ നിത്യവും പഠിപ്പിക്കുന്നത്. ഇത് ശരിയാണോ? അല്ലേയല്ല. മിക്ക ലൈംഗിക രോഗങ്ങളിൽനിന്നും ഒരു സുരക്ഷയും നൽകാൻ ഗർഭനിരോധ ഉറകൾക്ക് കഴിയില്ലെന്ന് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സെക്ഷ്വൽ ഹെൽത്ത് പറയുന്നു. ഓരോ വർഷവും അമേരിക്കയിൽ ബില്യൻ കണക്കിന് ഉറകൾ ഉപയോഗിക്കപ്പെടുന്നു. അതേസമയം മില്യൻ കണക്കിന് ചെറുപ്പക്കാരെ ലൈംഗികരോഗങ്ങൾ പിടികൂടുകയും ചെയ്യുന്നു.

Infectious Diseases in Children എന്ന കൃതിയിൽ Dr. Paul Byrne എഴുതുന്നു: "ഈ രോഗങ്ങളെല്ലാം ലൈംഗിക അച്ചടക്കമില്ലാത്തതുകൊണ്ടാണ് ഉണ്ടാവുന്നത്. വിവാഹത്തിലൂടെ ഒരു ലൈംഗിക പങ്കാളിയെ മാത്രം സ്വീകരിക്കുകയാണെങ്കിൽ ഈ രോഗങ്ങളും ദുരന്തങ്ങളുമെല്ലാം തടയാൻ കഴിയും." ■

(അമേരിക്കയിലെ കണക്റ്റിക്കട്ടിലെ കത്തോലിക്കാ സ്ഥാപനമായ ഓഫീസ് ഓഫ് പ്രോ ലൈഫ് ആക്റ്റിവിറ്റീസിന്റെ മേധാവിയായ ലേഖകൻ *ന്യൂ ഓക്സ്ഫഡ് റിവ്യൂ* (2007 ജനുവരി)യിൽ എഴുതിയ ലേഖനത്തിൽനിന്ന്. *യംഗ് മുസ്‌ലിം ഡൈജസ്റ്റി*നോട് കടപ്പാട്)